നെയ്യാറ്റിൻകര ജനറൽ ആശുപത്രി

2 (2552) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എത്ര ഓപ്പറേഷൻ തിയേറ്ററുകളാണുള്ളത് ;

(ബി) അവയിൽ എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്നു വ്യക്തമാക്കുമോ ; അണുബാധയുടെ പേരുപറഞ്ഞ് ഗർഭിണികളായ സ്ത്രീകളെയും സർജറി ആവശ്യമായ രോഗികളെയും സ്ഥലത്തെ പ്രൈവറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയുടെ നാലു തിയേറ്ററുകളും അടിയന്തരമായി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് ഓപ്പറേഷൻ തീയേറ്ററുകളാണുള്ളത്.

(ബി) ഒരു ഓപ്പറേഷൻ തിയേറ്ററാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത്. അണുബാധയെത്തുടർന്ന് പ്രസ്തുത ഓപ്പറേഷൻ തിയേറ്റർ അണുവിമുക്തമാക്കുന്നതിലേക്കായി താൽക്കാലികമായി അടച്ചതിനാൽ രോഗികളെ എസ്.എ.റ്റി. ആശുപത്രിയിലേക്കും W&C ആശുപത്രിയിലേക്കും മെഡിക്കൽ കോളേജിലേക്കും റഫർ ചെയ്യുവരുന്നു. രോഗികളെ പ്രൈവറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരം ബി-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) മേജർ ഓപ്പറേഷൻ തിയേറ്ററിന്റെ മെയിന്റനൻസ് നടന്നുവരുന്നു. നിലവിലുള്ള ലേബർ റൂം എമർജൻസി ഓപ്പറേഷൻ തീയേറ്ററാക്കി ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ടോമാകെയർ ഓപ്പറേഷൻ തീയേറ്ററിന്റെ പ്രവർത്തനംകൂടി ഉടൻ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly